**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4758** **19-03-2025 - ൽ മറുപടിയ്ക്ക്**

**തീരദേശത്തെ മാലിന്യനിർമ്മാർജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ശുചിത്വസാഗരം സുന്ദരതീരം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി. മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക്ക് മുക്തമാക്കുക എന്നതാണ് ശുചിത്വ സാഗരം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. 2022 ജൂൺ മാസം 8 ന് സംസ്ഥാനതല ഉദ്ഘാടനത്തോടുകൂടി ഒന്നാംഘട്ടമായ ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചു. സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുകുതിരി ജാഥ, കടലോര നടത്തം, കുടുംബയോഗങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ക്വിസ്സ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, സോഷ്യൽ മീഡിയ, എഫ്. എം. റേഡിയോ വഴിയുള്ള പ്രചരണം എന്നിവയിലൂടെ ആണ് പ്രധാനമായും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്.<br><br>ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടത്തിൽ നടക്കുന്നത്. 590 കിലോമീറ്റർ നീളത്തിൽ |

വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്ക് ഓരോ കിലോമീറ്റർ വീതം ഗൂഗിൾ മാപ്പ് ചെയ്ത് അടയാളപ്പെടുത്തുന്നതിനും, ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കുന്നതിനും, ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിയ്ക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിയ്ക്കുകയും ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം 2025 ഏപ്രിൽ 11 ന് നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ആയത് 9 തീരദേശ ജില്ലകളിലും നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും, പുനരുപയോഗവും, തുടർ ക്യാമ്പയിനും ആണ് മൂന്നാം ഘട്ടത്തിൽ സംഘടിപ്പിയ്ക്കുന്നത്. 2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി വൃത്തിയാക്കി റീസൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം പദ്ധതി. ലോക ശ്രദ്ധ പിടിച്ച് പറ്റിയ ഈ പദ്ധതി സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിയ്ക്കുന്ന മറ്റ് 20 ഹാർബറുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുക എന്നതാണ് മൂന്നാംഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. കടലും തീരവും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പാക്കുന്ന വിവിധങ്ങളായ

പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർവർഷങ്ങളിലും നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ക്യാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല, ജില്ലാതല, തദ്ദേശസ്വയംഭരണ സ്ഥാപനതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പദ്ധതിയിൽ പങ്കാളികളാകുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കുന്നതിനും ഫിഷറീസ് അഡീഷണൽ ഡയറക്ടർ അദ്ധ്യക്ഷയായുള്ള ഒരു സംസ്ഥാനതല ക്യാമ്പയിൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിൽ പ്രവർത്തിയ്ക്കുന്ന വകുപ്പ് എന്ന നിലയിൽ ഫിഷറീസ് വകുപ്പും കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, പരിസ്ഥിതി വകുപ്പും ഹാർബർ എൻജിനീയറിംഗ് വകുപ്പ്, മത്സ്യഫെഡ് എന്നിവയിലെ ജില്ലാതല, പഞ്ചായത്ത് / വില്ലേജ്തല ഉദ്യോഗസ്ഥർക്കാണ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രധാന ചുമതല. കൂടാതെ യൂത്ത് മിഷൻ, ഹരിതകേരള മിഷൻ, ഹരിതകർമ്മ സേന, ശുചിത്വ മിഷൻ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സാഫ്, കുടുംബശ്രീ, NCC, NSS, KSCADC, സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ്, മത്സ്യ ബോർഡ്, KUFOS, MPEDA-NETFISH, മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ട് ഉടമ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക, സാംസ്കാരിക സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പദ്ധതിയുടെ ഒന്നാം ഘട്ടം നിഷ്കർഷിച്ചിട്ടുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ തീരദേശജില്ലകളിലും ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികളും, പഞ്ചായത്ത്തല കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിയ്ക്കുകയും യോഗം ചേർന്ന് പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രചാരണത്തിന്റെ ഭാഗമായി എല്ലാ മറൈൻ ജില്ലകളിലും കടലോര നടത്തം മെഴുക് തിരി ജാഥകൾ സെമിനാറുകൾ, ക്വിസ്സ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 2022 ഓണാഘോഷത്തിന്റെ ഭാഗമായി നടന്ന ഘോഷയാത്രയിൽ ശുചിത്വ സാഗരം പദ്ധതിയുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് അവതരിപ്പിച്ച ഫ്ളോട്ടിന് സംസ്ഥാന സർക്കാർ വകുപ്പുകൾ തമ്മിലുള്ള മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. കൂടാതെ ലോക മത്സ്യകർഷക ദിനത്തിന്റെ ഭാഗമായി 2022 നവംബർ 18 മുതൽ 22 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽവച്ച് നടന്ന മത്സ്യോത്സവത്തിൽ ടി പദ്ധതിയുടെ പ്രചരണാർത്ഥം തയ്യാറാക്കിയ സ്റ്റാളിന് ഒന്നാം സ്ഥാനം ലഭിച്ചു. സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ ഇടയിലും മത്സ്യത്തൊഴിലാളി മേഖലകളിലും അവബോധം സൃഷ്ടിക്കുന്നതിന് ഒന്നാംഘട്ട പ്രവർത്തനങ്ങളിലൂടെ ഇതിനകം സാധിച്ചിട്ടുണ്ട്.<br><br>രണ്ടാം ഘട്ടത്തിലേയ്ക്കുള്ള സന്നദ്ധ പ്രവത്തകരുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും ഇതിനകം 1000 ത്തോളം പേർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ശുചിത്വസാഗരം പദ്ധതി 5/8/2017 മുതൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും ബോട്ടുകളുടെ വലകളിൽ കുടുങ്ങുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും ശക്തികുളങ്ങര ഭാഗത്ത് നിന്ന് പോകുന്ന ബോട്ടുകളിൽ ശേഖരിച്ച് ശക്തികുളങ്ങര ഭാഗത്ത് എത്തിച്ച് വൃത്തിയാക്കി ഷെഡ്ഡ് ചെയ്ത് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ചുവരുന്നു. കൂടാതെ പ്ലാസ്റ്റിക് തരം തിരിച്ച് സർക്കാരിന്റെ തന്നെ സംരംഭമായ Clean Kerala Company- യ്ക്ക് നൽകുന്നുണ്ട്. |
| (ബി) | ഹാർബറുകളിലെയും ലാൻഡിങ് സെന്ററുകളിലെയും മാലിന്യ നിർമ്മാർജനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുവെന്ന് വിശദമാക്കുമോ; | (ബി) | മത്സ്യബന്ധന തുറമുഖങ്ങളിൽ ടോൾ ഏറ്റെടുക്കുന്ന കരാറുകാർ മുഖേന മാലിന്യ നിർമ്മാർജ്ജനം ചെയ്തു വരുന്നു. ഹാർബറിൽ ടോൾ എടുക്കുന്ന കരാറുകാരൻ മുഖേന സംഭരിച്ച് വച്ചിരിക്കുന്ന മാലിന്യങ്ങൾ എംപാനൽ ചെയ്ത കരാറുകാരൻ വഴി നീക്കം ചെയ്യുന്നതിനുള്ള നടപടി (ടി വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി) സ്വീകരിക്കുന്നതാണ്. വികസനം നടപ്പാക്കി വരുന്ന തെരഞ്ഞെടുക്കപ്പെട്ട ഹാർബറുകളിൽ ആധുനിക രീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിരന്തര യോഗങ്ങളും നടത്തി വരുന്നുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖാന്തിരം ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യഗ്രാമം, മാർക്കറ്റ് എന്നിവിടങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | എല്ലാ ഹാർബറുകളിലും മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. വിഴിഞ്ഞം, മുതലപ്പൊഴി, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചെല്ലാനം, ചേറ്റുവ, പൊന്നാനി, താനൂർ, ബേപ്പൂർ, വെള്ളയിൽ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ, തലായ്, മോപ്പിളബേ എന്നീ ഹാർബറുകളിൽ നിലവിൽ നടന്നു വരുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ ഒരു മാസത്തിനുള്ളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഹാർബറിൽ ടോൾ എടുക്കുന്ന കരാറുകാരൻ മുഖേന സംഭരിച്ചു വച്ചിരിക്കുന്ന മാലിന്യങ്ങൾ എംപാനൽ ചെയ്ത കരാറുകാരൻ വഴി നീക്കം ചെയ്യുന്നതിനുള്ള നടപടി (ടി വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി) സ്വീകരിക്കുന്നതാണ്.<br><br>തങ്കശ്ശേരി ഹാർബറിൽ നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങളിൽ (Legacy waste) ഏകദേശം 120 ടൺ മാലിന്യം ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുകയും ശേഷിക്കുന്ന 1000 ടൺ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 07/03/2025 ൽ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>നീണ്ടകര ഹാർബറിൽ ഫിഷ് വേസ്റ്റ് പ്രോസസ്സിംഗ് പ്ലാന്റ് സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ പരിശോധിച്ച് വരുന്നു.<br><br>തോട്ടപ്പള്ളി ഹാർബറിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുകയും ടോൾ ഏറ്റെടുത്ത കരാറുകാരൻ എംപാനൽ ചെയ്ത കരാറുകാരനുമായി കരാറിലേർപ്പെട്ട് മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നു.<br><br>കണ്ണൂർ അഴീക്കൽ ഹാർബറിൽ ബിന്നുകൾ സ്ഥാപിച്ച് ഹരിത കർമ്മസേന മാലിന്യം ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ